**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **12-09-2023 - ൽ മറുപടിയ്ക്ക്**

**താറാവ് കൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പക്ഷിപ്പനി മൂലം താറാവ് കൃഷിക്കാരുടെ എത്ര പക്ഷികളെയാണ് കൊന്നൊടുക്കേണ്ടി വന്നത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പക്ഷിപ്പനി മൂലം താറാവ്കൃഷിക്കാരുടെ 71957 പക്ഷികളെയാണ് കൊന്നൊടുക്കേണ്ടി വന്നത് അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം: 1003<br>ആലപ്പുഴ: 55242<br>കോട്ടയം: 15672<br>എറണാകുളം: 26<br>കോഴിക്കോട്: 14<br>ആകെ: 71957 |
| (ബി) | ഇവർക്ക് നഷ്ടപരിഹാരമായി എത്ര തുകയ്ക്കാണ് അർഹതയുള്ളത്; ഇത് വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 1,18,49,900/- രൂപ നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ടതുണ്ട്. ആയതിനാൽ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. തുടർ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പക്ഷികൾ മൂലമാണോ ഈ രോഗം സംസ്ഥാനത്ത് എത്തിയിട്ടുള്ളത്; ഇത്തരം പക്ഷികളുടെ രോഗാവസ്ഥ പരിശോധിക്കുവാൻ അതിർത്തി ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; | (സി) | നിലവിൽ സംസ്ഥാനത്തിനുള്ളിലേക്ക് വരുന്ന പക്ഷികളെ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കി ആരോഗ്യനില ഉറപ്പു വരുത്തുന്നുണ്ട്. വകുപ്പിൽ നിലവിൽ 19 ചെക്പോസ്റ്റുകൾ ആണ് ഉള്ളത്. ചെക്ക് പോസ്റ്റിലൂടെ ഇത്തരം പക്ഷികളുടെ രോഗാവസ്ഥ പരിശോധിക്കുവാൻ വാഹനങ്ങളിൽ വരുന്ന കോഴികളെ ചെക്ക് പോസ്റ്റിൽ തന്നെ പരിശോധനയ്ക്ക് വിധേയമാക്കി രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് പക്ഷിപ്പനി ഉണ്ടായത് ദേശാടന പക്ഷികളിൽ നിന്നുമാണ് എന്നാണ് സംശയിക്കുന്നത്. |
| (ഡി) | താറാവ് കൃഷിക്കാരെ സംരക്ഷിക്കുന്നതിനും താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | താറാവ് കുഞ്ഞുങ്ങളെ പത്തനംതിട്ട തിരുവല്ലയിൽ പ്രവർത്തിക്കുന്ന നിരണം താറാവ് ഫാം വഴി നൽകിവരുന്നു. കൂടാതെ പരിശീലനം നൽകുന്നതിന് മഞ്ഞാടിയിൽ പ്രവർത്തിക്കുന്ന ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (DHAT) വഴിയും സേവനം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. താറാവ് ഉൾപ്പെടെയുള്ള പക്ഷികളുടെ രോഗനിർണ്ണയത്തിനായി തിരുവല്ലയിൽ NABL അക്രഡിറ്റേഷനോട് കൂടിയ രോഗനിർണയ ലാബായ എവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ് (ADDL) വഴിയും സേവനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ